## ദർഘാസ്

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ഭാഗ്യക്കുറി ടിക്കറ്റുകൾ, ഡിസ്പ്ലേ പരസ്യങ്ങൾ മുതലായവ പ്രിന്റ് ചെയ്യുന്നതിനു് വേണ്ടി അവയുടെ **അാർട്ട് വർക്കുകൾ ഫിലിമിലാക്കി ( 4 കളർ ഫിലിം ഔട്ട് പുട്ട്) നൽകുന്നതിന്** തിരുവനന്തപുരം ജില്ലയിലുള്ള സ്ഥാപനങ്ങളിൽ നിന്നും , (സ്ക്വയർ സെ. മീറ്ററിനുള്ള കുറഞ്ഞ നിരക്ക് സഹിതം ) മുദ്ര വച്ച ദർഘാസ് ക്ഷണിച്ചു കൊള്ളുന്നു.

| | | |
|---|---|---|
| ദർഘാസ് ലഭിക്കേണ്ട സമയം | - | 14.11.2008 പകൽ 1 മണി വരെ |
| വിലാസം. | - | ഡയറക്ടർ<br>സംസ്ഥാന ഭാഗ്യക്കുറി വകുപ്പു്<br>വികാസ് ഭവൻ<br>തിരുവനന്തപുരം. |
| നിരതദ്രവ്യം | - | 3,000/- |
| ദർഘാസ് തുറക്കുന്ന സമയം | - | **14.11.2008 3 പി.എം.** |

ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഭാഗ്യക്കുറി വകുപ്പിന്റെ ആസ്ഥാന ഓഫീസിലെ പരസ്യ വിഭാഗത്തിൽ നിന്ന് നേരിട്ടോ, 0471-2305193 എന്ന നമ്പരിലോ വകുപ്പിന്റെ www.keralalotteries.com എന്ന വെബ്സൈറ്റിൽ നിന്നോ അറിയാവുന്നതാണ്.

(ഒപ്പു്)
സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ

ഉത്തരവിൻ പ്രകാരം

പബ്ലിസിറ്റി ഓഫീസർ

വി.

## നിബന്ധനകൾ

1. ദർഘാസ് കാലാവധി, കരാർ തീയതി മുതൽ ഒരു വർഷം തികയുന്നതുവരെയായിരിക്കും.

2. **കരാർ കാലവധിക്ക് ശേഷം,** വകുപ്പ് **ആവശ്യപ്പെടുന്ന പക്ഷം മൂന്നു മാസം കൂടിയോ,** പുതിയ കരാറിൽ ഏർപ്പെടുന്നതുവരെയോ കരാറുകാരൻ **തുടരേണ്ടതാണ്.**

3. കരാറുകാരനെ ചുമതലപ്പെടുത്തുന്ന ജോലികൾ ചെയ്യുന്നതിൽ സമയ നിബന്ധന പാലിക്കേണ്ടതാണ്.

4. കരാറുകാരന് ഈ കരാർ പ്രകാരമുള്ള ഏതെങ്കിലും ജോലി മറ്റൊരാൾക്ക് കൈമാറാനോ, മറ്റൊരാളുടെ പേരിലാക്കാനോ അവകാശം ഉണ്ടായിരിക്കുന്നതല്ല.

5. ഭാഗ്യക്കുറി ഡയറക്ടറുടെയോ, ഡയറക്ടർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ നിർദ്ദേശമനുസരിച്ച് കരാറുകാരൻ നിർദ്ദിഷ്ട ജോലികൾ യഥാസമയത്തു് തൃപ്തികരമായി ചെയ്തു തീർത്ത് ഡയറക്ടറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

6. ആർട്ട് വർക്കുകൾ രഹസ്യ സ്വഭാവമുള്ളതാകയാൽ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതും, **ഉത്തരവാദിത്തത്തോടെ ഡയറക്ടറെയോ, ഡയറക്ടർ അധികാരപ്പെടുത്തുന്ന സീനിയർ** ഓഫീസറെയോ ഏൽപ്പിച്ചു് കൈപ്പറ്റു രസീത് വാങ്ങേണ്ടതാണ്. ആർട്ട് വർക്കുകൾ യാതൊരു കാരണവശാലും മറ്റൊരു വ്യക്തിക്കോ, സ്ഥാപനത്തിനോ കൈമാറുവാൻ പാടുള്ളതല്ല.

7. മേൽ പറഞ്ഞ കാര്യങ്ങളിൽ ഏതെങ്കിലും തരത്തിൽ വീഴ്ച വരുത്തുകയാണെങ്കിൽ അതുമൂലമുണ്ടാകുന്ന വിശ്വാസ തകർച്ചയ്ക്കും സാമ്പത്തിക നഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കും, ഈ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനും, ഈ കരാർ റദ്ദാക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർക്കുണ്ടായിരിക്കും.

8. മുദ്രവച്ച ദർഘാസുകൾ 14.11.2008 , 1 പി. എം. ന് മുൻപായി ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ലഭിക്കേണ്ടതാണ്. അന്നേ ദിവസം 3പി.എം.ന് സന്നിഹിതരായ ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ **തുറക്കുന്നതാണ്.**

9. ദർഘാസ് അടക്കം ചെയ്ത മുദ്രവച്ച കവറിന് മുകളിൽ ഭാഗ്യക്കുറി ടിക്കറ്റുകൾ, ഡിസ്പ്ലേ പരസ്യങ്ങൾ മുതലായവയുടെ ആർട്ട് വർക്കുകൾ ഫിലിമിലാക്കുന്നതിനുള്ള ദർഘാസ് എന്ന് രേഖപ്പെടുത്തേണ്ടതാണ്.

10. **ഡയറക്ടർ, കേരള** സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്, വികാസ് ഭവൻ, **തിരുവനന്തപുരം 695 033 എന്ന വിലാസത്തിൽ ദർഘാസുകൾ ലഭിക്കേണ്ടതാണ്**

11. ടെൻഡർ ഫോറത്തിന്റെ വില 400 രൂപയും ടാക്സുമാണ്.
(ഡ്യൂപ്ലിക്കേറ്റിന് 200 രൂപ + ടാക്സ്)

(ഒപ്പ്)
സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ

ഉത്തരവിൻ പ്രകാരം

പബ്ലിസിറ്റി ഓഫീസർ